## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2518      05.11. 2019 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിന്റെ കുടിശ്ശിക

ചോദ്യം
ശ്രീ.പി.കെ.ബഷീർ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൻകിട ഉപഭോക്താക്കളിൽ നിന്ന് മാത്രം വൈദ്യുതി ബോർഡിന് ലഭിക്കേണ്ട ബിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വൻകിട ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ഉപഭേക്താക്കളിൽ നിന്ന് വൈദ്യുതി ബോർഡിന് ലഭിക്കേണ്ട ബിൽ കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും ഈയിനത്തിൽ നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ; | (ബി) കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.എൽ കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016-ൽ ഒരു തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിനു പുറമേ 08.06.2018-ലും 31.10.2019 ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായി മാർഗരേഖകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉത്തരവും ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി,ഡിസ്മാന്റിൽ ചെയ്യും. റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉള്ള നടപടികൾ |

സ്വീകരിച്ച് വരുന്നു.

(സി)കോടതി വ്യവഹാരങ്ങളിൽ പ്പെട്ട് എത്ര തുക മുടങ്ങി കിടക്കുന്നുണ്ട്; ഇവ വേഗത്തിൽ തീർപ്പാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് 30.09.2019-ലെ കണക്ക് പ്രകാരം 472.33 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുകയുള്ളൂ.

(ഡി)ബോർഡിന്റെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ എത്ര കുടിശ്ശിക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പ്രകാരം എൽ.റ്റി വിഭാഗ ഉപഭോക്താക്കൾ, കേരള വാട്ടർ അതോറിറ്റി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നും 1339.48 കോടി രൂപ തീർപ്പാക്കിയിട്ടുണ്ട്. ഇതിൽ എൽ.റ്റി വിഭാഗത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. കേരള വാട്ടർ അതോറിറ്റി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ കണക്ക് സംസ്ഥാന തലത്തിലാണ് കണക്കാക്കിയിട്ടുള്ളത്.

എച്ച്.റ്റി വിഭാഗത്തിൽ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കീഴിൽ 24,79,50,197/- രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1634735 |
| കൊല്ലം | 769690 |
| ആലപ്പുഴ | 2785986 |
| കോട്ടയം | 130635 |
| എറണാകുളം | 125792670 |
| തൃശ്ശൂർ | 1205050 |
| പാലക്കാട് | 79873739 |
| മലപ്പുറം | 364229 |
| കോഴിക്കോട് | 33266427 |
| വയനാട് | 790103 |
| കണ്ണൂർ | 267122 |
| കാസർഗോഡ് | 1069811 |
| | **247950197** |

സെക്ഷൻ ഓഫീസർ

| Amount settled under OTS 2018. | | |
|---|---|---|
| Sl.No. | Name of District | Amount Settled (In crores) |
| 1 | Thiruvananthapuram | 0.58 |
| 2 | Alappuzha | 0.05 |
| 3 | Kollam | 0.19 |
| 4 | Kottayam | 0.37 |
| 5 | Pathanamthitta. | 0.64 |
| 6 | Ernakulam | 1.24 |
| 7 | Thodupuzha | 0.06 |
| 8 | Thrissur | 1.89 |
| 9 | Palakkad | 0.12 |
| 10 | Malappurm | 0.88 |
| 11 | Kannur | 0.38 |
| 12 | Kalpetta [Wayanad] | 0.04 |
| 13 | Kozhikode | 0.18 |
| 14 | Ksaragodu | 0.52 |
| A. LT TOTAL | | 7.14 |
| 1 | KWA adjustment | 1326.69 |
| 2 | Health Department | 5.65 |
| B. GOVT. ADJUSTMENT TOTAL | | 1332.34 |
| GRAND TOTAL ( A + B) | | 1339.48 |